प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

സെപ്റ്റംബർ 3, 2019

**ബിഡാറിലെ, ബിഡാർ മഹിളാ അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ് – 1949 -ലെ ബാങ്കിങ് റഗുലേഷൻ ആക്ട് (എഎസിഎസ്) സെക്ഷൻ 35A പ്രകാരമുള്ള നിയന്ത്രണ നിർദ്ദേശങ്ങളുടെ ദീർഘിപ്പിക്കൽ.**

കർണാടക, ബിഡാറിലെ ബിഡാർ മഹിളാ അർബൻ സഹകരണ ബാങ്ക് ലിമിറ്റഡിനെതിരെ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ പുറപ്പെടുവിച്ചിരുന്ന 2019 ഫെബ്രുവരി 21-ലെ ഉത്തരവിന്റെ പ്രാബല്യം പൊതുതാല്പര്യം മുൻനിറുത്തി ദീർഘിപ്പിക്കേണ്ടതാണെന്ന് റിസർവ്ബാങ്കിന് ബോദ്ധ്യംവന്നിട്ടുള്ളതായി പൊതുജന ങ്ങളുടെ അറിവിലേക്കായി പ്രഖ്യാപിച്ചുകൊള്ളുന്നു.

ആയതനുസരിച്ച്, 1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (സഹകരണ സംഘങ്ങൾക്ക് ബാധകമാംവിധം) സെക്ഷൻ 35A, സബ്സെക്ഷൻ (1) എന്നിവപ്രകാരം, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിക്ഷിപ്തമായ അധികാരം പ്രയോഗിച്ച്, 2019 ഫെബ്രുവരി 21-ന്, ബിഡാർ മഹിളാ അർബൻ സഹകരണ ബാങ്ക് ലിമിറ്റഡിനെതിരെ പുറപ്പെടുവിച്ചിരുന്നതും, 2019 ആഗസ്റ്റ് 31 വരെ പ്രാബല്യമുള്ളതുമായ ഉത്തരവിന്റെ സാധുത, പുനരവലോകനത്തിനുവിധേയമായി, 2019 സെപ്തംബർ 01 മുതൽ 2020 ഫെബ്രുവരി 29 വരെ 6 മാസക്കാലത്തേക്കുകൂടി ബാധകമായിരിക്കുമെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

പരാമർശിതമായ ഉത്തരവിലെ മറ്റു വ്യവസ്ഥകൾ മാറ്റമില്ലാതെ തുടരും. ഇപ്രകാരം ഒരു ഉത്തരവ് ആർബിഐ പുറപ്പെടുവിച്ചു എന്നതിനാൽ, സഹകരണ ബാങ്കിന്റെ ബാങ്കിംഗ് ലൈസൻസ് റദ്ദുചെയ്തിട്ടുണ്ട് എന്ന് കരുതേണ്ടതില്ല. ബാങ്കിന്റെ സാമ്പത്തികനില മെച്ചപ്പെടുന്നതുവരെ നിയന്ത്രണങ്ങൾക്കുവിധേയമായി, ബാങ്കിംഗ് ബിസിനസ്സ് നടത്താവുന്നതാണ്. സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, റിസർവ് ബാങ്ക് ഈ നിയന്ത്രണ നിർദ്ദേശങ്ങളിൽ ഭേദഗതികൾ വരുത്തുന്നത് പരിഗണിച്ചേക്കാം.

യോഗേഷ് ദയാൽ
ചീഫ് ജനറൽ മാനേജർ

**പ്രസ്സ് റിലീസ് 2019-2020/595**